# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2176 — 05/05/2017 - ൽ മറുപടിക്ക്

### ഇ.എസ്.ഐ.ചികിത്സാ പരിധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഇ.എസ്.ഐ.ചികിത്സാ പരിധിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ മേഖലയിലുള്ള തൊഴിലാളികളെയാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതാണ്. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ പ്രതിമാസ വേതന പരിധി 01.01.2017 മുതൽ 21000/-രൂപയാണ്.<br>1.വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ<br>2.ഹോട്ടൽ/റസ്റ്റോറന്റ്<br>3.സിനിമ തീയറ്ററുകൾ<br>4.റോഡ് ഗതാഗത സ്ഥാപനങ്ങൾ<br>5.പത്ര മാധ്യമ സ്ഥാപനങ്ങൾ<br>6.സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ<br>7.സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ<br>8.കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭ്യമാണ്. |
| (ബി) | യാതൊരു മെഡിക്കൽ ആനുകൂല്യങ്ങളും ലഭിക്കാത്ത അസംഘടിത തൊഴിലാളികളേയും ഓട്ടോറിക്ഷ, അങ്കണവാടി മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും കൂടി ഇ.എസ്.ഐ. മെഡിക്കൽ ആനുകൂല്യം ലഭ്യമാക്കി ഇ.എസ്.ഐ.യുടെ സേവനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | അസംഘടിത തൊഴിലാളികളെയും, ഓട്ടോറിക്ഷ, അങ്കണവാടി മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും കൂടി ഇ.എസ്.ഐ യുടെ സേവനം ലഭിക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ കോർപ്പറേഷന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ